
ലുമില്ല കാരണം മേൽപ്പറഞ്ഞതുപോലുള്ള പല കേസുകൾക്ക് പിന്നിലും ഹിന്ദുത്വ വർഗീയവാദികളാണെന്ന വിവരം പിൽക്കാലത്ത് തെളിയിക്കപ്പെട്ടതാണ്. എന്നാൽ അവർക്കൊന്നും അർഹതപ്പെട്ട ശിക്ഷ വാങ്ങിക്കൊടുക്കാൻ ഇന്ത്യൻ ഭരണകൂടം തയാറായിട്ടില്ല. അതുകൊണ്ടാണ് ഭരണകൂടം പക്ഷപാതപരമായ നിലപാടാണ് സ്വീകരിക്കുന്നതെന്ന് മേമൻ വിഷയത്തെ മുൻനിർത്തി പറയാനാകുന്നത്.

വധശിക്ഷയെന്നത് അങ്ങേയറ്റം പ്രാകൃതമായ ഒരു ശിക്ഷാരീതിയാണ്. ഒരു തെറ്റിനു പകരം മറ്റൊരു തെറ്റിലൂടെ മറുപടി കൊടുക്കുന്ന പഴയ നീതിബോധമാണ്. ഇന്ത്യയിലെ ചാതുർവർണ്യ വ്യവസ്ഥയിൽ ഓരോ വർണങ്ങളിൽപെട്ടവർക്കും വ്യത്യസ്ത ശിക്ഷാരീതിയാണ് നിലവിലിരുന്നത്. ബ്രാഹ്മണൻ എത്ര കടുത്ത കുറ്റം ചെയ്താലും വധശിക്ഷ അനുവദിക്കപ്പെട്ടിരുന്നില്ല. ശൂദ്രനും മറ്റ് ദലിത് കീഴാള വിഭാഗങ്ങളും ചെറിയ കുറ്റം ചെയ്താൽപോലും വധശിക്ഷയാണ് നൽകിയിരുന്നത്.

ഇന്ത്യൻ ജാതിവ്യവസ്ഥ സൃഷ്ടിച്ച പ്രാകൃതമായ നീതിബോധമാണിത്. കൊളോണിയൽ ഭരണകൂടം ഇന്ത്യയിൽ തദ്ദേശീയ ജനതയ്ക്കും വിദേശികൾക്കും ഇരട്ട നീതിയാണ് നടപ്പാക്കിയത്. ഇത്തരത്തിൽ നമ്മുടെ നീതിന്യായ വ്യവസ്ഥയുടെ ചരിത്രം തന്നെ പക്ഷപാതപരമാണ്. എന്നാൽ ആധുനിക ജനാധിപത്യ ലോകക്രമത്തിലും ഈ നീതിന്യായ വ്യവസ്ഥ ഒളിഞ്ഞും തെളിഞ്ഞും നിലനിൽക്കുന്നുണ്ട്. വധശിക്ഷ അടക്കമുള്ള പ്രാകൃത ശിക്ഷാ രീതികൾ ലോകത്ത് നിരോധിക്കണമെന്ന് മനുഷ്യാവകാശ പ്രവർത്തകരും ജനാധിപത്യവാദികളും നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്.

ഒരാളുടെ ജീവനെടുക്കാൻ രാഷ്ട്രത്തിന് അധികാരമുണ്ടെന്ന സങ്കൽപനം നീതീകരിക്കാവുന്നതല്ല. മാത്രമല്ല ആ തീരുമാനം നടപ്പിലാക്കിക്കഴിഞ്ഞാൽ അത് തിരുത്താൻ കഴിയുന്നതുമല്ല. ജുഡീഷ്യറി ഒരാളെ വധശിക്ഷയ്ക്ക് വിധിക്കുമ്പോൾ ആ വ്യക്തി നൂറ് ശതമാനം അതിന് അർഹനാണെന്ന് തീരുമാനിക്കപ്പെടുന്ന മാനദണ്ഡത്തിൽ പിന്നീട് തിരുത്തലുകൾ വന്നേക്കാം. അപ്പോഴേയ്ക്കും വധശിക്ഷ നടപ്പിലാക്കപ്പെട്ടിരിക്കും. അങ്ങനെ പുനർവിചിന്തനത്തിനുള്ള ഒരു അവസരം അസാധ്യമായിത്തീരുന്നു. ആയിരം കുറ്റവാളികൾ രക്ഷപെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുതെന്ന ആപ്തവാക്യം അതോടെ



അസാധ്യമായിത്തീരും. അതുകൊണ്ടാണ് വധശിക്ഷ ഭരണകൂടത്തിന്റെ തന്നെ ഒരു അനീതിയായി വിലയിരുത്തപ്പെടുന്നത്.

വധശിക്ഷ നൽകിയാൽ കുറ്റകൃത്യങ്ങൾ കുറയുമെന്ന വാദം അതിനെ അനുകൂലിക്കുന്നവരുടെ ഭാഗത്തുനിന്ന് ഉയർന്നു വരുന്നുണ്ട്. എന്നാൽ യാഥാർത്ഥ്യം അതിൽനിന്ന് ബഹുദൂരമാണ്. വധശിക്ഷ നിലനിൽക്കുന്ന രാജ്യങ്ങളിലാണ് ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്നതെന്നു കാണാനാകും. ആധുനിക ജനാധിപത്യത്തിന്റെ ഉയർന്ന മൂല്യങ്ങളിലേക്ക് നമ്മുടെ നീതിന്യായ വ്യവസ്ഥ ഉയരേണ്ടതുണ്ട് എന്നാണ് ഇതൊക്കെ സൂചിപ്പിക്കുന്നത്.■

കഥ

## ശിവദാസൻ എ.കെ

സാധാരണ വിജനമാകാറുള്ള പാർക്കിന്റെ മൂലയിൽ കടും ചുവപ്പു നിറത്തിലുള്ള മല്ലിപ്പൂക്കൾ പൂത്ത മരങ്ങളായിരുന്നു നിറയെ.

അതിലൊന്നിന്റെ താഴെയായിരുന്നു അവനും അവളും.

കൗമാരം വിടാൻ മടിക്കുന്ന അവന്റെ മേൽചുണ്ടിൽ യൗവ്വനത്തിന്റെ ആദ്യ കറുത്ത അടയാളം നനുനനുത്ത രോമങ്ങളായി തെളിഞ്ഞു.

അവൾ ചുവന്ന വസ്ത്രങ്ങളിൽ മറ്റൊരു പൂത്ത മരമായി.

ചില്ലകളിൽ തുള്ളിക്കളിക്കുന്ന കുരങ്ങിൻ കൂട്ടം കുലുക്കിയിട്ട പൂക്കളിലിരുന്ന് അവൾ അവന്റെ തോളിലേക്ക് തല ചായ്ച്ചു.

"നോക്കടാ ! ഇപ്പോ തുടങ്ങും." തലയ്ക്കു മുകളിലേയ്ക്കും വളർന്ന കുറ്റിപ്പടർപ്പുകളിൽ മറഞ്ഞിരുന്ന് അവർ പറഞ്ഞു.

"ഈ ഒഴിഞ്ഞ മൂലയിൽ ഒരുദ്ദേശ്യവുമില്ലാതെ ആരെങ്കിലും വെറുതേ വരോ?" അവരും ചെറുപ്പക്കാരായിരുന്നു. മൂന്നു പേർ. ഒൻപതു കണ്ണുകൾ. മൂന്നെണ്ണം മൊബൈൽ ക്യാമറകളുടേതായിരുന്നു.

"അവരെ അങ്ങ് പൊക്കിയാലോ. ഇമ്മോറൽ ട്രാഫിക്." പാർക്കിന്റെ മൂലയിലെത്തിയ രണ്ടു പോലീസുകാരിലൊരാൾ അപരനോട് പറഞ്ഞു.

"താനൊന്നടങ്ങ്. രണ്ടുപേർ വെറുതേ ഇരിക്കുകയല്ലേ. കേസിനു പറ്റിയ വല്ലതും എഴുതിപ്പിടിപ്പിക്കണേ ഇത്തിരികൂടി കാക്കണം."

അവന്റെ തോളിലേക്ക് തല ചായ്ച്ച് അവൾ നിശബ്ദയായി. അവൻ അവളോട് എന്തോ പറഞ്ഞുകൊണ്ടിരുന്നു.

കുറ്റിക്കാടുകളിൽ ഒളിച്ചിരുന്നവർ അക്ഷമരായി. ഇവരെന്തിനാണിങ്ങനെ സമയം കളയുന്നത്.

"ഇവരിങ്ങനെ നേരം കളഞ്ഞ് എണീറ്റുപോകുന്നതിനു മുമ്പ് നമുക്ക് പൊക്കണം." പോലീസു

# പരിണാമം



കാരിലൊരാൾ വീണ്ടും പറഞ്ഞു.

പെട്ടെന്ന് അവൻ ബാഗ് തുറന്ന് ഒരു കുപ്പി കോള കൈയിലെടുത്തു. പിന്നെ അവരെ ഞെട്ടിച്ചുകൊണ്ട് കീടനാശിനിയുടേതെന്ന് തോന്നിക്കുന്ന ഒരു കുപ്പിയും. അവൻ കുപ്പി തുറന്ന് വിഷം കോളയിൽ കലർത്താൻ തുടങ്ങി.

"നാശം .... ഇതുങ്ങള് ചാവാൻ വന്നതാണെന്ന് തോന്നുന്നു." പോലീസുകാരൻ പറഞ്ഞു.

"നമുക്ക് എന്തു ചെയ്യാൻ പറ്റും. ആത്മഹത്യ ഇപ്പോൾ കുറ്റകരമല്ല."

"ഇടപെടേണ്ടന്നാണോ."

"അതാണു നല്ലത്."

"നോക്കെടാ സംഗതി നടന്നില്ലെങ്കിലെന്ത്. വിഷം കഴിച്ചുള്ള മരണം. ലൈവാണ്. വാട്ട്സ് ആപ്പിൽ വൈറലാകും."

ചെറുപ്പക്കാരുടെ മൊബൈൽ കണ്ണുകൾ അവർക്കു നേരെ കൂടുതൽ കുറുകി.

ഒരു നിമിഷം. അവൻ അവളെ ദീർഘമായി ചുംബിച്ചു. നിർവൃതിയിലവരുടെ കണ്ണുകളടഞ്ഞു.

പെട്ടെന്നാണ് മരമുകളിൽ നിന്ന് ഒരു കുഞ്ഞുകുരങ്ങനെയും മാറത്തടുക്കി പാഞ്ഞുവന്നൊരു തള്ളക്കുരങ്ങ് കോളക്കുപ്പിയും കവർന്നെടുത്ത് മരക്കൊമ്പിലേക്ക് കയറിയത്.

ചെറുക്കാൻ കൈയുയർത്തിയ പ്രണയിനികളെ നോക്കി പല്ലിളിച്ച് അവളത് കുഞ്ഞുകുരങ്ങിന്റെ പിളർത്തിയ വായിലേക്കൊഴിച്ചു.

ആകാംക്ഷാഭരിതമായ ഏതാനും നിമിഷങ്ങൾ.

ഒടുവിൽ നേർത്ത നിലവിളിയോടെ കുഞ്ഞുകുരങ്ങൻ അമ്മയുടെ തോളിൽ നിന്ന് വഴുതിവീഴുന്നത് അവർ കണ്ടു.

മരണത്തിന്റ വികൃതമുഖം. വലിഞ്ഞു മുറുകുന്ന പേശികൾ. വായിലൂടൊഴുകുന്ന പതയും രക്തവും.

ഭയന്നുപോയ അവൾ അവന്റെ കൈയിൽ പിടിച്ചു.

"ഒന്നും വേണ്ട. നമുക്ക് പോകാം."

അവർ തിടുക്കത്തിൽ പുറത്തേക്ക് നടക്കാൻ തുടങ്ങി.

"കുരങ്ങിന് വിഷം കൊടുത്തതിന് പിള്ളാരെ അറസ്റ്റു ചെയ്യണ്ടേ?"

"മനപ്പൂർവ്വമല്ലാത്ത മൃഗഹത്യ. അതൊരു കേസാണോ എന്ന് ആലോചിക്കാതെങ്ങനെ?"

പോലീസുകാർ ചർച്ച തുടർന്നുകൊണ്ടിരുന്നു.

"വാടാ പോകാം." ചെറുപ്പക്കാർ നിരാശയോടെ പിന്തിരിഞ്ഞു.

"വിഷം കുടിച്ച കുരങ്ങിൻകുട്ടിയെ ആര് ലൈക്ക് ചെയ്യാനാ." ഒരു പിറുപിറുപ്പ് അവരുടെ ചുണ്ടുകളിൽ പറ്റിപ്പിടിച്ചു കിടന്നു.

നിശ്ചലമായ കുഞ്ഞുകുരങ്ങിനെ കുലുക്കി വിളിക്കുന്ന അമ്മക്കുരങ്ങിനരികിലേക്ക് നിരനിരയായി കുരങ്ങിൻ കൂട്ടം ഊർന്നിറങ്ങി.

ഒരു നിമിഷം. അമ്മക്കുരങ്ങ് ഉറക്കെ കരയാൻ തുടങ്ങി. കൂടെ കുരങ്ങിൻ കൂട്ടവും. ■